# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5909** 09.07.2012 ൽ മറുപടിക്ക്

**അന്താരാഷ്ട്ര നിലവാരത്തിലുള്ള റോഡുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി:<br>'' ഷാഫി പറമ്പിൽ:<br>'' ലൂഡി ലൂയിസ്: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; | (എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 കി.മീ. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഒരു റോഡ് വികസന പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകി. പദ്ധതി നടത്തിപ്പിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (ആർ.ഐ.സി.കെ) എന്ന കമ്പനിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് റിപ്പോർട്ട് ആരാണ് തയ്യാറാക്കിയത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ബാംഗ്ലൂർ ആസ്ഥാനമായ വിൽബർ സ്മിത്ത് അസോസിയേറ്റ്സ് എന്ന സ്ഥാപനമാണ് ഇത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയത്. പ്രസ്തുത കൺസൾട്ടന്റ് തയ്യാറാക്കിയ സാങ്കേതിക റിപ്പോർട്ട് പ്രകാരം, റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളിലായി 1204 കി.മീ. റോഡാണ് നവീകരിക്കാനായി ശുപാർശ ചെയ്തിട്ടുള്ളത്. |
| (സി) പ്രസ്തുത പദ്ധതി സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; | (സി) ഉണ്ട് |

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതി എന്നു തുടങ്ങാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ ? | (ഡി) റീഹാബിലിറ്റേഷൻ പാക്കേജിലെ ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത 551 കി.മീ. ദൈർഘ്യമുള്ള 28 റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതാനും മാസങ്ങൾക്കുള്ളിൽ തുടങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ചെറിയതോതിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമുള്ളതുമായ 653 കി.മീ. ദൈർഘ്യമുള്ള 34 റോഡുകളുടെ വികസനത്തിനായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ